**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 281** **23-08-2022 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിലെ അംഗൻവാടികൾക്ക് സ്ഥലം അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഒരു അംഗൻവാടിയുടെ നിർമ്മാണത്തിന് ഏറ്റവും കുറഞ്ഞത് എത്ര സെന്റ് സ്ഥലം ആവശ്യമാണെന്ന് വ്യക്തമാക്കാമോ; | (എ) | (എ) വകുപ്പിന് കീഴിൽ സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് ആധുനിക രീതിയിൽ സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 10, 7.5, 5, 3, 3 (slopping Terrain) സെന്റ് സ്ഥലം (അർബൻ ഏരിയയിൽ 1.25 സെന്റ് എങ്കിലും) പ്രകാരമുള്ള പ്ലാനുകളാണ് അംഗീകരിച്ചിട്ടുള്ളത്. |
| (ബി) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മാഞ്ഞൂർ, ഉഴവൂർ പഞ്ചായത്തുകളിലെ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് ഇറിഗേഷൻ ചീഫ് എഞ്ചിനീയർ, ഒരു അംഗൻവാടിക്ക് എത്ര സെന്റ് സ്ഥലം ആവശ്യമാണ് എന്നറിയിക്കുവാൻ വനിതാ ശിശുവികസന ഡയറക്ടർക്ക് നൽകിയ കത്തിന് ഡയറക്ടർ മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ; | (ബി) | (ബി) ഒരു അങ്കണവാടിക്ക് എത്ര സെന്റ് സ്ഥലം ആവശ്യമാണ് എന്ന് അറിയിക്കുവാൻ ഇറിഗേഷൻ ചീഫ് എഞ്ചിനീയർ വനിത ശിശു വികസന ഡയറക്ടർക്ക് നൽകിയ കത്തിന് 17/08/2022ലെ DWCD/876/2022-ICDSB5 നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഷയത്തിൽ വനിതാ ശിശുവികസന ഡയറക്ടർ നൽകിയ മറുപടി അറിയിക്കാമോ; ചീഫ് എഞ്ചിനീയർക്ക് നൽകിയ പ്രസ്തുത മറുപടിയുടെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | (സി) വകുപ്പിന് കീഴിൽ സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് ആധുനിക രീതിയിൽ സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 10, 7.5, 5, 3 സെന്റ് (അർബൻ ഏരിയയിൽ 1.25 സെന്റ് എങ്കിലും) സ്ഥലം പ്രകാരമുള്ള പ്ലാനുകളാണ് അംഗീകരിച്ചിട്ടുള്ളതെന്ന് ബന്ധപ്പെട്ട പ്ലാനുകളുടെ പകർപ്പ് സഹിതം ചീഫ് എഞ്ചിനീയർക്ക് മറുപടി നൽകിയിട്ടുണ്ട്. മറുപടി കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

DWCD/876/2022-ICDSB4

I/55989/2022

"ഭരണഭാഷ-മാതൃഭാഷ"

No.DWCD 876 2022-ICDSB5

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം.
പൂജപ്പുര.തിരുവനന്തപുരം
തീയതി : 17-08-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ
പദ്ധതി വിഭാഗം 2. തിരുവനന്തപുരം

സർ.

വിഷയം: വനിത ശിശുവികസന വകുപ്പ്- സംയോജിത ശിശു വികസന സേവന പദ്ധതി അങ്കണവാടികളുടെ നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. താങ്കളുടെ കാര്യാലയത്തിലെ 13/06/2022 ലെ പിജി 2-2414/2016 നമ്പർ കത്ത്.
2. 21/05/2022 ലെ സ.ഉ(സാധാ)നം233/2022/വശിവിവ നമ്പർ സർക്കാർ ഉത്തരവ്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (3) പ്രകാരം വകുപ്പിന് കീഴിൽ സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് ആധുനിക രീതിയിൽ സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 10, 7.5, 5, 3 സെന്റ് അർബൻ ഏരിയയിൽ 1.25സെന്റ് എങ്കിലും സ്ഥലം പ്രകാരമുള്ള പ്ലാനുകളാണ് അംഗീകരിച്ചിട്ടുള്ളത് . എല്ലാ വിധ ശിശു സൗഹൃദ ആധുനിക സൗകര്യങ്ങളോടു കൂടിയ സ്മാർട്ട് അങ്കണവാടി നിർമാണവുമായി ബന്ധപ്പെട്ട പ്ലാനുകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു

വിശ്വസ്തതയോടെ.

വനിത ശിശു വികസന ഡയറക്ടർ

ശിവന്യ എസ് എൻ
ജോയിന്റ് ഡയറക്ടർ
പെൻ നമ്പർ-445126
വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം-695012

Sunin
Section Officer